(സി) 6-12-2012-ലെ സ.ഉ.(കൈ)നമ്പർ 91/12/പൊ.മ.വ. പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 106.2 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് 22-5-2015-ലെ സ.ഉ.(കൈ) നമ്പർ 43/15/ പൊ.മ.വ. പ്രകാരം അനുമതി നൽകി. 13-11-2015-ലെ സ.ഉ.(സാധാ) നമ്പർ 1676/15/പൊ.മ.വ പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് B-യുടെ (58 കി.മീ.) ബിഡ്ഡും 29-1-2016-ലെ സ.ഉ.(സാധാ) നമ്പർ 198/16/പൊ.മ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് A (Modified)-യുടെ (25 കി.മീ.) ബിഡ്ഡും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും കൺസഷൻ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയും ചെയ്യുന്നു.

പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ പരിഷ്കാരങ്ങൾ

1/4(*102) ഡോ.എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പരിഷ്കരണ നടപടികളിലൂടെ കാതലായ എന്തുമാറ്റമാണ് പൊതുവിതരണ രംഗത്തുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിഷ്കരണത്തിന്റെ ഭാഗമായ കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): (എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.

GPM. 2/239/2020-7

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, സംസ്ഥാനത്തിനാവശ്യമായ റേഷൻ സാധനങ്ങൾ ലഭ്യമാക്കുക, റേഷൻ സാധനങ്ങൾ അർഹരായവർക്ക് അർഹമായ അളവിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുക, എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതു വിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിച്ച് ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.-കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, ഉപഭോക്താക്കൾക്കായി സുതാര്യത പോർട്ടലും സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുക, റേഷൻ കടകളിൽ സ്ഥാപിക്കുന്ന ഇ-പോസ് മെഷീനിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുക തുടങ്ങിയവ ഈ പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളാണ്. അതോടൊപ്പം വാതിൽപ്പടി വിതരണ സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ എഫ്.സി.ഐ.-യിൽനിന്നും എ.ആർ.ഡി.-കളിൽ എത്തിക്കുക, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുക എന്നിവയും മേൽ പദ്ധതിയിലൂടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

പാഠപുസ്തക അച്ചടിയിൽ വന്ന ക്രമക്കേടുകൾ

15(*103) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിയിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നതായി പരാതി ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സി ആപ്റ്റിൽ പാഠപുസ്തക അച്ചടിക്ക് ആവശ്യമായ സൗകര്യമുണ്ടായിട്ടും മണിപ്പാലിലെ സ്വകാര്യ പ്രസിന് ഉയർന്ന നിരക്കിൽ അച്ചടി മറിച്ചു നൽകുകയുണ്ടായോ;

(സി) കെ.ബി.പി.എസ്-നും മണിപ്പാൽ ടെക്നോളജി ലിമിറ്റഡിനും പാഠപുസ്തക അച്ചടിക്ക് നൽകിയ നിരക്ക് എത്രയെന്ന് വിശദമാക്കാമോ ;

(ഡി) ടെണ്ടർ നടപടികളിൽ ക്രമക്കേട് നടന്നതായി ആരോപണമുയർന്നിരുന്നോ; ഇതു സംബന്ധിച്ച് സർക്കാരിന് ഹൈക്കോടതി നിർദ്ദേശം ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(ഇ) പാഠപുസ്തക അച്ചടി ക്രമക്കേട് സംബന്ധിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly